2008, ഖുത്ബ നമ്പര്‍- 17

بسم الله الرحمن الرحيم

25.4.2008
പോര്‍ട്ടോനോവോ, ബെനിന്‍

# കര്‍മ്മത്തിന്റെ ഫലം നിയ്യത്തിന്റെ അടിസ്ഥാനത്തില്‍

**അ**ല്ലാഹുവിന്റെ അനുഗ്രഹത്താല്‍ ഇന്ന് പോര്‍ട്ടോനോവോയിലെ ഈ പള്ളിയില്‍ നാം ജുമുഅ നമസ്കരിക്കുകയാണ്. ഏറ്റവും കൂടുതല്‍ ആളുകള്‍, ഇവിടെ നമസ്കാരത്തില്‍ പങ്കെടുക്കുന്നതിനായി, മനോഹരവും വിശാലവുമായ ഈ പള്ളി പണിയാന്‍ അല്ലാഹു നമുക്ക് തൗഫീഖ് നല്കിയിരിക്കുന്നു. കഴിഞ്ഞ പര്യടനവേളയില്‍ കൊര്‍ത്തോവയിലെ മനോഹരവും വലുതുമായ പള്ളി ഞാന്‍ ഉദ്ഘാടനം ചെയ്തിരുന്നു. ലോകത്തിന്റെ എല്ലാ ഭാഗത്തും എല്ലാ നഗരത്തിലും പള്ളികള്‍ നിര്‍മ്മിക്കാന്‍ വേണ്ടി അല്ലാഹു അഹ്മദിയ്യാ ജമാഅത്തിന് ഔദാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. ആഫ്രിക്കയിലെ ദരിദ്ര രാഷ്ട്രങ്ങളിലെ ദൂരദൂര പ്രദേശങ്ങളിലുള്ള ചെറിയ ചെറിയ ഗ്രാമങ്ങളിലും സ്ഥലങ്ങളിലും വന്‍നഗരങ്ങളിലും പള്ളികളുടെ നിര്‍മ്മാണപ്രവൃത്തികള്‍ നടന്നുവരുന്നുണ്ട്. ഇപ്രകാരംതന്നെ യൂറോപ്പിലും മറ്റ് പാശ്ചാത്യരാജ്യങ്ങളിലും അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ പള്ളികള്‍ നിര്‍മ്മിച്ചുകൊണ്ടിരിക്കുന്നു. ഓരോ സ്ഥലത്തും ജമാഅത്ത് വലിയ വലിയ ത്യാഗങ്ങള്‍ ചെയ്താണ് പള്ളികള്‍ നിര്‍മ്മിക്കുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ കൈയില്‍ എണ്ണസമ്പത്തില്ല. മറ്റേതെങ്കിലും മാര്‍ഗ്ഗത്തില്‍ പണം സ്വരൂപിക്കാനും നമുക്ക് കഴിയില്ല. അതെ, നമ്മുടെ കൈയിലുള്ളത് ഈമാനിന്റെ സമ്പത്താണ്. ഇക്കാരണത്താലാണ് അഹ്മദികള്‍ ത്യാഗങ്ങള്‍ ചെയ്യുന്നു. അതിനാല്‍, ഈ സമ്പത്തിനെ സദാ സംരക്ഷിക്കണമെന്ന കാര്യം നിങ്ങള്‍ എപ്പോഴും ഓര്‍ക്കുക. ഇത് കടിഞ്ഞാണില്ലാത്ത ഖജനാവാണ്. ഇത് തട്ടിപ്പറിച്ചെടുക്കാന്‍ കള്ളന്മാരും കൊള്ളക്കാരും പിടിച്ചുപറിക്കാരും ഓരോ വഴിയിലും ഇരിക്കുന്നുണ്ട്. ഇവരില്‍നിന്ന് നമ്മുടെ വഴി സുരക്ഷിതമല്ല. നമ്മുടെ ഹൃദയവും സുരക്ഷിതമല്ല. എന്നല്ല ഈ കൊള്ളക്കാര്‍ ശയ്ത്വാന്റെ രൂപത്തില്‍ നമ്മുടെ രക്തത്തില്‍ ഓടിക്കൊണ്ടിരിക്കുകയാണ്. നിങ്ങളുടെ രക്തത്തില്‍ ഒഴുകിക്കൊണ്ടിരിക്കുന്ന ശയ്ത്വാനില്‍നിന്ന് രക്ഷപ്പെടുക എന്നു പറഞ്ഞുകൊണ്ട് നബി(സ) തിരുമേനി നമ്മെ ജാഗ്രതപ്പെടുത്തിയിട്ടുണ്ട്. ആദമിന്റെ സൃഷ്ടിപ്പ് സമയത്തും, മനുഷ്യനെ തീര്‍ച്ചയായും വഴിപിഴപ്പിക്കുമെന്ന് ശയ്ത്വാന്‍ പറഞ്ഞിട്ടുള്ള കാര്യം എപ്പോഴും ഓര്‍ത്തുകൊണ്ടിരിക്കുക. അതിനാല്‍ ഈമാനിന്റെ സമ്പത്ത് സംരക്ഷിക്കുക എന്നത് ഏറ്റവും പ്രയാസമുള്ള ജോലിയാണ്. മറ്റ് ഭൗതിക സമ്പത്ത് സംരിക്കുന്നതിന് ഏര്‍പ്പാടുണ്ടാക്കാന്‍ നമുക്ക് കഴിയും. താഴിട്ട് പൂട്ടാനും കാവലേര്‍പ്പെടുത്താനും നമുക്ക് സാധിക്കും. പക്ഷേ, ഈ സമ്പത്തിന്റെ സംരക്ഷണത്തിനായി സ്വന്തം ആത്മാവിന്റെ പരിശുദ്ധിയ്ക്കുള്ള സാധനസാമഗ്രികള്‍ തയ്യാറാക്കുകയും തുടര്‍ച്ചയായി അതില്‍ മുഴുകുകയും വേണ്ടിവരും. അതിന്റെ സംരക്ഷണത്തിനും അല്ലാഹുവിന്റെ അനുഗ്രഹം അന്വേഷിച്ച് കണ്ടെത്തുന്നതിനും തുടര്‍ച്ചയായിട്ട് കഠിനാധ്വാനം ചെയ്യേണ്ടിവരും. കാരണം ഇതില്ലെങ്കില്‍ ഓരോ വഴിയിലും തക്കം പാര്‍ത്തിരിക്കുന്ന ശയ്ത്വാന്‍ മനുഷ്യനെ വഴിതെറ്റിക്കുന്നതാണ്. മനുഷ്യനെ ഏതൊരു പ്രകൃതിയോടുകൂടി അല്ലാഹു സൃഷ്ടിച്ചുവോ, അവന്‍ എപ്പോഴും ഭൗതികവൃത്തിയിലേക്കും അത്യാഗ്രഹത്തിലേക്കും ചാഞ്ഞുകൊണ്ടേയിരിക്കുമെന്ന് ആദ്യനാളില്‍ത്തന്നെ ശയ്ത്വാന്‍ പറഞ്ഞിരുന്നു. മനുഷ്യന്‍ താന്‍ പറയുന്നതേ കേള്‍ക്കുകയുള്ളൂവെന്നും അവന്റെ ആഗ്രഹങ്ങളും ഭൗതികവൃത്തിയും അവനെ അല്ലാഹുവില്‍നിന്നകറ്റിക്കൊണ്ടുപോകുമെന്നും ശയ്ത്വാന്‍ പ്രഖ്യാപിച്ചിരുന്നു. അധികമാളുകളും അല്ലാഹുവിനോട് നന്ദികേട് കാണിക്കുന്നവരായിരിക്കുമെന്നും അവന്‍ പറഞ്ഞിരുന്നു. അപ്പോള്‍, ഈമാന്‍ നഷ്ടപ്പെടുത്തുന്നവരും നന്ദികേട് കാണിക്കുന്നവരുമായ അത്തരം ആളുകളെക്കൊണ്ട് നരകം നിറയ്ക്കുമെന്ന് അല്ലാഹുവും ശയ്ത്വാനോട് പറഞ്ഞു.

അതിനാല്‍ ഒരു മുഅ്മിന്‍ ഈ ലോകത്ത് ഊതിത്തെളിച്ച് അവന്റെ ചുവടുകള്‍ വെക്കേണ്ട ആവശ്യമുണ്ട്. അവന്റെ ഈമാന്‍ സംരക്ഷിക്കേണ്ട ആവശ്യമുണ്ട്. ഈമാനിന്റെ സംരക്ഷണം, അല്ലാഹുവിന്റെ മുമ്പില്‍ കുനിയാതെ സംഭാവ്യമല്ല. അതുകൊണ്ട് ഓരോ അഹ്മദിയും പരമകാരുണികന്റെ ദാസരായിത്തീരേണ്ടത് നിര്‍ബ്ബന്ധകടമയാണ്. അസംഖ്യം അനുഗ്രഹങ്ങള്‍ നമുക്ക് തന്നരുളിയ ആ റഹ്മാനായ അല്ലാഹുവിന്റെ മുമ്പില്‍ കുനിയുന്നവരായിത്തീരുക. ആ അനുഗ്രഹങ്ങളില്‍നിന്നുള്ളതാണ് ഇപ്പോള്‍ നാം കണ്ടുകൊണ്ടിരിക്കുന്ന ഈ മനോഹരമായ പള്ളിയും. പള്ളികള്‍ പണിയുന്നതിന്റെ ഒരു ഉദ്ദേശ്യം ഏകനും തനിച്ചുള്ളവനുമായ അല്ലാഹുവിനെ ആരാധിക്കുന്നതിനായി നമ്മള്‍ ഇവിടെ ഒരുമിച്ചുകൂടുക എന്നതാണ്. അതിനാല്‍ നന്ദി കാണിക്കുന്നതിനുള്ള മറ്റൊരു വലിയ രീതി ഈ പള്ളിയെ എപ്പോഴും ജനനിബിഢമാക്കി നിറുത്താന്‍ നാം ശ്രദ്ധിക്കണം എന്നതുമാണ്. ജമാഅത്തിന്റെ ഓരോ പള്ളിയും ജനനിബിഢമായിട്ട് നമുക്ക് കാണാന്‍ കഴിയണം. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി അഞ്ചുനേരം പള്ളികളില്‍ വരിക എന്നതാണ് പള്ളിയെ ജനസമൃദ്ധമാക്കുക എന്നതിന്റെ അര്‍ത്ഥം. അല്ലാഹുവിനെ ആരാധിക്കുന്ന കാര്യത്തില്‍ ഉന്നതമായ നില സ്ഥാപിക്കാന്‍ പള്ളികളില്‍ ഹാജരാകേണ്ടതാണ്.

പള്ളിയിൽ വന്ന് നമസ്കരിക്കുന്നതിന്റെ പ്രതിഫലം 27 ഇരട്ടി അധികമാണെന്ന് ഹദീഥിൽ വന്നിരിക്കുന്നു. പള്ളിനിർമ്മിക്കുന്നതിന്റെ ഉദ്ദേശ്യം പൂർത്തിയാക്കപ്പെടുന്നത് അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനായി അതിൽ നാം ഒരുമിച്ചുകൂടുമ്പോഴാണ്. അതിനാണ് യഥാർത്ഥ പ്രതിഫലം ലഭിക്കുന്നത്. അപ്പോൾ ഒരു മുഅ്മിൻ തന്റെ ജന്മോദ്ദേശ്യം നിറവേറ്റുന്നവൻ എന്ന് പറയപ്പെടും. മനുഷ്യനെ അല്ലാഹു ഏതൊരുദ്ദേശ്യത്തിനായി സൃഷ്ടിച്ചുവോ ആ ഉദ്ദേശ്യം നിറവേറ്റുന്നവൻ എന്നു പറയപ്പെടും. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: ***വമാ ഖലഖ്ത്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലിയഅ്ബുദൂൻ*** മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് തന്നെ ആരാധിക്കാൻ വേണ്ടിമാത്രമാണ്. അതിനാൽ, വലിയ വലിയ സ്ഥാനമുള്ളവരാണെങ്കിലും പ്രഗത്ഭമതികളാണെങ്കിലും അങ്ങേയറ്റം ദരിദ്രനാണെങ്കിലും അതല്ല ഏതു തരത്തിലുള്ള ദരിദ്രനാണെങ്കിലും അല്ലാഹു രണ്ടുതരത്തിലുമുള്ള ജനങ്ങളുടെ സൃഷ്ടിയുദ്ദേശ്യമായി പറഞ്ഞിട്ടുള്ളത് അവർ അവനെ ആരാധിക്കണം എന്നതാണ്. ഈ പള്ളികളും എല്ലാ സമ്പന്നരും ദരിദ്രരും ഒരിടത്ത് സംഘടിക്കുന്നതിനു വേണ്ടിയിട്ടുള്ളതാണ്. സകല ഭൗതികബിംബങ്ങളേയും ഒരുഭാഗത്ത് മാറ്റിവച്ചുകൊണ്ട് അല്ലാഹുവിന്റെ തിരുസന്നിധിയിൽ അണിയായിട്ട് നില്ക്കുക; ഒരൊറ്റ ജീവനായിക്കൊണ്ട് ഒരൊറ്റ ജമാഅത്തായിക്കൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും അവന്റെ അനുഗ്രഹം തേടുകയും ചെയ്യുന്നതിനാണിത്. ഇങ്ങനെ ഒരേയൊരു ജീവനായിക്കൊണ്ട് അല്ലാഹുവിനെ ആരാധിക്കുമ്പോൾ, അവന്റെ അനുഗ്രഹവർഷം ആദ്യത്തേക്കാൾ കൂടുതൽ ഉണ്ടാകുന്നതിന് അല്ലാഹുവും അത്തരം ആരാധകർക്കുള്ള പ്രതിഫലം 27 ഇരട്ടി വർദ്ധിപ്പിക്കുന്നതാണ്. ഇന്നയാളുടെ കൂടെ തനിക്ക് നില്ക്കണമെന്നും ഇന്നയാളുടെ അടുക്കൽ താൻ നില്ക്കുകയില്ലെന്നും ഉള്ള ചിന്താഗതിയാണെങ്കിൽ അല്ലെങ്കിൽ അവൻ ഇപ്പോഴാണ് ബയ്അത്ത് ചെയ്തത്, അവന്റെ സ്ഥാനം എന്നേക്കാൾ കുറവാണ് എന്നാരെങ്കിലും മനസ്സിലാക്കുകയാണെങ്കിൽ– ആരാധനയ്ക്കായി പള്ളിയിൽ വന്നിരിക്കുകയാണെങ്കിൽത്തന്നെയും ആ പ്രതിഫലത്തിന് അർഹരാവുകയില്ല. പള്ളികളിൽ വന്ന് നമസ്കരിക്കുന്നതിന് 27 ഇരട്ടി അധികം പ്രതിഫലമുണ്ടെന്ന് നബി(സ) പറഞ്ഞതോടൊപ്പം, ആ മഹാത്മാവ് ഇങ്ങനെയും പറഞ്ഞു: ***ഇന്നമൽ അഅ്മാലു ബിന്നിയ്യാത്ത്*** ഓരോ കർമ്മത്തിന്റെയും പ്രതിഫലം അതിന്റെ ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിലാണ്. നിയ്യത്ത് ശുദ്ധമല്ലെങ്കിൽ കർമ്മം ബാഹ്യമായി എത്ര നല്ലതാണെങ്കിൽത്തന്നെയും അല്ലാഹു പ്രതിഫലം തടഞ്ഞുവയ്ക്കും. അതിനാൽ, നിയ്യത്ത് ശുദ്ധമാകുന്നതിന്റെ അടിസ്ഥാനത്തിലാണ് ഓരോ കർമ്മങ്ങൾക്കും പ്രതിഫലം കിട്ടുന്നത്. അല്ലാഹു വിശുദ്ധഖുർആനിൽ ഇങ്ങനെയും പറഞ്ഞിരിക്കുന്നു: ***ഫവയ്ലുല്ലിൽ മുസ്വല്ലീൻ*** അതായത് അത്തരം നമസ്കാരക്കാർക്ക് നാശം. ഈ നാശമുണ്ടാകുന്നത് നമസ്കാരത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം വിസ്മരിക്കുന്നതുകൊണ്ടാണ്. അപ്പോൾ നിയ്യത്തുകളിൽ കലർപ്പുണ്ടാകുന്നു. പരസ്പരം സദ്വിചാരം വച്ചുപുലർത്തുന്നുണ്ടാകുകയില്ല. ഭൗതികചിന്ത സ്മൃതിപഥത്തിൽ വന്നുകൊണ്ടേയിരിക്കും. അതിനാൽ നമസ്കാരത്തിൽനിന്ന് ഫലമെടുക്കുന്നതിന് നമ്മുടെ ചിന്താഗതി പരിശുദ്ധമാക്കേണ്ടത് നിർബ്ബന്ധമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യം വിശദീകരിച്ചുകൊണ്ട് പറയുന്നു: ഏതൊരു നമസ്കാരത്തിലാണോ ഹൃദയമൊരു ഭാഗത്തും ചിന്തകൾ മറ്റൊരു ഭാഗത്തും നില്ക്കുകയും വായിൽനിന്ന് മറ്റൊന്ന് പുറപ്പെടുകയും ചെയ്യുന്നത്, അതൊരു ശാപമാണ്. ആ നമസ്കാരം ആരാധകന്റെ മുഖത്തേക്കുതന്നെ വലിച്ചെറിയപ്പെടുന്നു. അത് സ്വീകരിക്കപ്പെടുകയില്ല. ആ മഹാത്മാവ് പറയുന്നു, നമസ്കാരമെന്നു പറയുന്നത് അതിൽ നിർവൃതി ലഭിക്കുമ്പോഴാണ്. അത്തരം നമസ്കാരം കാരണത്താൽ പാപത്തിനോട് വെറുപ്പുണ്ടാകുന്നു. ഈ നമസ്കാരത്തെക്കുറിച്ചാണ് പറഞ്ഞത് നമസ്കാരം മുഅ്മിന്റെ മിഅ്റാജാണെന്ന്. നമസ്കാരം സത്യവിശ്വാസിയുടെ അഭിവൃദ്ധിക്കുള്ള ഒരു മാർഗ്ഗവുമാണ്. അത്തരം നമസ്കാരം അനുഷ്ഠിക്കാൻ നാം ശ്രമിക്കണം. അങ്ങനെ നമസ്കരിക്കണമെന്ന ഉദ്ദേശ്യത്തോടെ നാം പള്ളിയിൽ വരണം. നമ്മുടെ വ്യക്തിപരമായ പുരോഗതിയും ജമാഅത്തിന്റെ പുരോഗതിയും അല്ലാഹുവിന്റെ ഫള്ല് കൊണ്ടാണ് ഉണ്ടാകേണ്ടതെന്ന് എപ്പോഴും ഓർക്കുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിന്, സൃഷ്ടിയുദ്ദേശ്യം എപ്പോഴും മുന്നിൽ കാണണമെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. പള്ളിയിൽ ഭൗതികമായ ഒരു കാര്യവും പറയാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. അല്ലാഹുവിന്റെ കല്പനയനുസരിച്ച്, അവന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. പള്ളിയിലേക്ക് വരുമ്പോൾ ഈ വിചാരമാണുള്ളതെങ്കിൽ, ഓരോ വ്യക്തിയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനായി മാത്രം പള്ളിയിലേക്ക് വരുമ്പോൾ, ആരേയെങ്കിലും കുറിച്ച് ചീത്തവിചാരമുണ്ടെങ്കിൽത്തന്നെ അതകറ്റുന്നതിനുവേണ്ടി അവൻ ശ്രമിക്കുന്നതായിരിക്കും. ഈ നമസ്കാരങ്ങളുടേയും ആരാധനകളുടേയും അനുഗ്രഹത്താൽ പള്ളിക്ക് വെളിയിലും സ്നേഹത്തോടും സന്തോഷത്തോടുംകൂടി പരസ്പരം പെരുമാറണമെന്ന ശ്രദ്ധയുണ്ടാകും. ഹൃദയങ്ങളിലുള്ള വെറുപ്പിൽനിന്നും പകയിൽനിന്നും മോചനം ലഭിക്കും. അതുകൊണ്ട് പള്ളികൾ നിർമ്മിക്കുന്നതുകൊണ്ടുള്ള നേട്ടം ലഭിക്കുന്നത് പ്രസ്തുത ഉദ്ദേശ്യത്തോടുകൂടി അവ നിർമ്മിക്കുമ്പോഴാണ്. നാം നമ്മുടെ ഹൃദയങ്ങളെ അല്ലാഹുവിനുവേണ്ടി പരിശുദ്ധമാക്കിവയ്ക്കണം എന്ന ഉദ്ദേശ്യത്തോടെ പള്ളിയിലേക്ക് ആരാധനയ്ക്കായി പോവുക. ലോകത്ത് ധാരാളം പള്ളികൾ നാം കാണാറുണ്ട്. പല പള്ളികളിലും ഖുത്ബയിൽ പക പോക്കലും മറ്റുള്ളവരെ അസഭ്യം പറയലുമാണ് കാണുന്നത്. ചീത്ത പറച്ചില

ല്ലാതെ മറ്റൊന്നും അതിലുണ്ടായിരിക്കുകയില്ല. മിക്ക പള്ളികളിലും നമ്മുടെ ജമാഅത്തിനേയും ചീത്ത പറയാറുണ്ട്. പള്ളിയിൽ സ്വന്തക്കാർത്തന്നെ തമ്മിലടിക്കാനും തുടങ്ങുന്നു. എത്രമാത്രമെന്നാൽ, അവസാനം സർക്കാരിന് ഇടപെടേണ്ടിവരികയും പള്ളികൾ പൂട്ടി സീൽ വെക്കേണ്ടി വരികയും ചെയ്യുന്നു. അത്തരം പള്ളികൾ പ്രതിഫലത്തിനുള്ള മാർഗ്ഗമാണോ? അത്തരം ആളുകൾ അല്ലാഹുവിന്റെ വെറുപ്പിന് ഇരയായിത്തീരുന്നു. അതിനാൽ പള്ളി നിർമ്മിക്കുക, അത് മനോഹരമാക്കുക എന്നത് അധികം സന്തോഷിക്കാൻ വക നല്കുന്ന കാര്യമല്ല. യഥാർത്ഥ സന്തോഷം വേണമെങ്കിൽ, മനോഹരമായ ഹൃദയമുള്ളവരും സദുദ്ദേശ്യരും സ്നേഹവും സന്തോഷവും പരത്തുന്നവരും അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവരുമായ നമസ്കാരക്കാരെ സൃഷ്ടിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോദ്ദേശ്യം മനുഷ്യനെ അല്ലാഹുവിനോട് സമീപസ്ഥനാക്കിത്തീർക്കുക എന്നതായിരുന്നു എന്ന കാര്യം എപ്പോഴും ഓർക്കുക. പരസ്പരം സ്നേഹവും സാഹോദര്യവും വളർത്തുക എന്നതാണ്. ഈ ഉദ്ദേശ്യസാഫല്യത്തിനായി നിങ്ങൾ പ്രവർത്തിക്കുന്നില്ലെങ്കിൽ, അഹ്മദി എന്നു പറയുന്നത് അടിസ്ഥാനരഹതിമായിരിക്കും.

ഞാനിന്നലെ ജൽസയിൽ വിശദീകരിച്ചിരുന്നു. തഖ്വയിൽ അഭിവൃദ്ധിപ്പെടുന്നവരാണ് അല്ലാഹുവിന് പ്രിയപ്പെട്ടവർ. തഖ്വയിൽ അഭിവൃദ്ധിപ്പെടുന്നതിന് അല്ലാഹു നമുക്ക് കാണിച്ചുതന്ന വഴി അവനെ ആരാധിക്കലും അതുപോലെതന്നെ അവനോടുള്ള മറ്റു കടമകൾ നിറവേറ്റലുമാണ്. സൃഷ്ടികളോടുള്ള കടമകളും നിറവേറ്റേണ്ടതാണ്. അതിനാൽ, ഈ കടമകൾ നിറവേറ്റുന്നതിലേക്ക് അഹ്മദികളായ നാം എപ്പോഴും ശ്രദ്ധിച്ചുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ എത്രമാത്രം ഔദാര്യമാണ് നമ്മളിലുള്ളത്? അവൻ ഇക്കാലത്തെ ഇമാമിനെ വിശ്വസിക്കാൻ നമുക്ക് തൗഫീഖ് നല്കി. ലോകം പരസ്പരം ഭിന്നിച്ചുനില്ക്കുമ്പോൾ നമ്മെ ഒരു ജമാഅത്തിൽ കോർത്തിണക്കിയിരിക്കുന്നു. അതുകൊണ്ട് ഈ ഔദാര്യത്തിന് നന്ദി കാണിച്ച്, നമ്മുടെ ആരാധനകളുടെ നില ഉയർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. പരസ്പരമുള്ള സ്നേഹവും സാഹോദര്യവും സന്തോഷവും ആദ്യത്തേക്കാൾ വർദ്ധിപ്പിച്ച് ബന്ധം പ്രകടിപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. ഹൃദയത്തെ ഒരുകൂട്ടർ മറ്റൊരു കൂട്ടർക്കായി തികച്ചും പരിശുദ്ധവും പവിത്രവുമാക്കിവയ്ക്കേണ്ടത് നമ്മുടെ കടമയാണ്.

പുതിയതായി ബയ്അത്ത് ചെയ്ത് വന്നവരിലും സ്നേഹവും സന്തോഷവുമുണ്ടാക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. ഇതൊന്നും നാം ചെയ്യുന്നില്ലെങ്കിൽ അത് നമ്മുടെ നിർഭാഗ്യമായിരിക്കും. അതിനാൽ വിരിപ്പും പുതപ്പും ഉറക്കവും ഉണർച്ചയും മരണവും ജീവിതവുമെല്ലാം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി വന്ന, 'ആ നബി'യെ വിശ്വസിക്കുന്നവരാണ് നാമെന്ന കാര്യം ഓരോ അഹ്മദിയും എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. നമ്മളും യഥാർത്ഥ മുഅ്മിൻ എന്നു പറയപ്പെടുന്നത്, അല്ലെങ്കിൽ പറയപ്പെടാൻ അർഹരായിത്തീരുന്നത് ആ ജീവിതമാതൃകയെ നാം സ്വായത്തമാക്കുമ്പോഴും നമ്മുടെ ഓരോ കർമ്മവും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനാകുമ്പോഴുമാണ്. അങ്ങനെയാകുമ്പോൾ നമ്മുടെ ആരാധനയും സ്വീകരിക്കപ്പെടും. നമ്മുടെ മറ്റു കർമ്മങ്ങളും സ്വീകരിക്കപ്പെടും. നമ്മുടെ ഉള്ളിലും തികഞ്ഞ സമാധാനാന്തരീക്ഷം നിലകൊള്ളും. മറ്റുള്ളവർക്കും യഥാർത്ഥ സമാധാന സന്ദേശം, യഥാർത്ഥ ഇസ്ലാമിക സന്ദേശം എത്തിക്കുന്നവരായിരിക്കും. നമ്മുടെ തബ്ലീഗും വിജയിക്കുന്നതായിരിക്കും. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ആദ്യത്തേക്കാൾ കൂടുതൽ കരസ്ഥമാക്കുന്നവരായിത്തീരും. അല്ലാഹു ഈ പള്ളി എല്ലാതരത്തിലും ഇവിടുത്തെ ജമാഅത്തിന് അനുഗൃഹീതമാക്കിത്തീർക്കട്ടെ. ഇത് നിർമ്മിച്ചതിന് ഉന്നതമായ പ്രതിഫലം നല്കി അനുഗ്രഹിക്കുമാറാകട്ടെ.

ഇനി സംഘടനാപരമായ ഒരു കാര്യംകൂടി നിങ്ങളോട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് ശാഖാ സംഘടനകളെക്കുറിച്ചുള്ളതാണ്. അതായത്, അൻസാർ, ഖുദ്ദാം, ലജ്ന. തങ്ങളുമായി ബന്ധപ്പെട്ട സംഘടനയുമായി മാത്രമാണ് അവരുടെ ഉത്തരവാദിത്തമെന്ന് അവർ ഓർക്കേണ്ടതാണ്. അൻസാറുല്ലായ്ക്ക് ലജ്നാ ഇമായില്ലായുടെ പ്രവർത്തനങ്ങളിലോ ഖുദ്ദാമിന്റെ പ്രവർത്തനങ്ങളിലോ ജമാഅത്തിന്റെ കാര്യങ്ങളിലോ കൈകടത്താൻ അനുവാദമില്ല. ഇപ്രകാരംതന്നെ ലജ്നയും ഖുദ്ദാമും അവരുടെ പ്രവർത്തനമേഖലയിൽ പരിമിതമാണ്. ജമാഅത്ത് വ്യവസ്ഥിതി ഈ എല്ലാ ശാഖാ സംഘടനകൾക്കുമതീതമാണ്. ശാഖാ സംഘടനകൾ തങ്ങളുടെ കാര്യങ്ങളിൽ നേരിട്ട് ഖലീഫയുടെ കീഴിലാണെന്ന കാര്യവും അറിഞ്ഞിരിക്കുക. പക്ഷേ, ജമാഅത്തിന്റെ പരിപാടിയുമായി കൂട്ടിമുട്ടാതിരിക്കാൻ തങ്ങളുടെ പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ അമീറുമായി കൂടിയാലോചിക്കേണ്ടതാണ്. ശാഖാസംഘടനയുടെ ഓരോ അംഗവും ജമാഅത്തിന്റെ ഒരു അംഗമാകുന്നു എന്ന നിലയിൽ ജമാഅത്തിന്റെ വ്യവസ്ഥിതി പാലിക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും സ്നേഹത്തോടും സന്തോഷത്തോടുംകൂടി ജീവിക്കാൻ സൗഭാഗ്യം നല്കുമാറാകട്ടെ. പകയും വൈരാഗ്യവും വെച്ചുപുലർത്തുന്നതിനു പകരം അല്ലാഹുവിന്റെ പ്രീതി സമ്പാദനം നിങ്ങളുടെ ലക്ഷ്യമായിരിക്കട്ടെ. ആമീൻ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 25.4.2008 at Portonovo, Benin

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123, 9746058636. Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala